Draft #103 of File 3558/AD A1/ASO1/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 22-Jun-2020 12:21 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ജീവനക്കാര്യം: സെക്ഷൻ ഓഫീസർ - സ്ഥാനക്കയറ്റം, നിയമനം - അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 2733/AD A1/2020/എം.ജി.യു  പ്രിയദർശിനി ഹിൽസ്,തീയതി: 22.06.2020

---

*പരാമർശം:*-1. ശ്രീ. സുരേഷ് കുമാർ പി.കെ.., സെക്ഷൻ ഓഫീസർ 15.06.2020 തീയതിയിൽ സമർപ്പിച്ച അപേക്ഷ.

2. സർക്കുലർ നമ്പർ Ad.AI-3-246/2016 തീയതി 31.05.2016

4. ജി.ഒ.(പി) നമ്പർ 42/2010/പി. & എ.ആർ.ഡി. തീയതി 20.12.2010.

**<u>ഉത്തരവ്</u>**

ശ്രീ. സുരേഷ് കുമാർ പി.കെ., സെക്ഷൻ ഓഫീസർ, 15.06.2020 മുതൽ 37 ദിവസത്തെ അവധിയ്ക്ക് സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ചിരിക്കുന്നത് പരിഗണിച്ച് ശ്രീമതി. മഞ്ജുഷ പി.വി., അസിസ്റ്റന്റ് സെക്ഷൻ ഓഫീസറെ സെക്ഷൻ ഓഫീസർ ആയി സ്ഥാനക്കയറ്റം നൽകി, ശ്രീ. സുരേഷ് കുമാർ പി.കെ., സെക്ഷൻ ഓഫീസർ അവധിയിൽ പ്രവേശിച്ച തസ്തിക ഒഴിവിൽ ഉൾക്കൊള്ളിച്ചുകൊണ്ട് രൂപ.36,600 - 79,200/- ശമ്പളസ്കെയിലിൽ ഉടൻ പ്രാബല്യത്തിൽ EL 1 സെക്ഷനിൽ നിയമിക്കുന്നതിന് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ സൂചന (2) പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

സൂചന (3)-ലെ സർക്കാർ ഉത്തരവ് പ്രകാരം സെലക്ഷൻ തസ്തികകളിലേയ്ക്ക് 01.04.2010 നോ അതിനുശേഷമോ സ്ഥാനക്കയറ്റം /സ്വന്തം വകുപ്പിൽ മാറ്റി നിയമനം ലഭിച്ചവർക്ക് (നേരിട്ടുള്ള നിയമനത്തിനൊഴികെ) പ്രൊബേഷൻ കാലഘട്ടം ഒരു വർഷത്തെ തുടർച്ചയായ സേവനകാലാവധിയ്ക്കുള്ളിൽ ആറുമാസം എന്ന് നിജപ്പെടുത്തി ഉത്തരവായിട്ടുണ്ട്. ആയതിനാൽ ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ഒരു വർഷത്തെ തുടർച്ചയായ സർവ്വീസിനിടെ ആറുമാസം പ്രൊബേഷൻ കാലഘട്ടമായിരിക്കും.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയത്തിനുവേണ്ടി സമർപ്പണം നൽകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

എ എസ് ചാവറ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ
2. വൈസ് ചാൻസിലർ / പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, എം.ജി. സർവ്വകലാശാല
6. പബ്ലിക് റിലേഷൻസ് ഓഫീസർ/പൂൾ ഓഫീസർ (ഭരണവിഭാഗം)
7. ഓഡിറ്റ് II/III/ഫിനാൻസ് I/II/എഡി.എIII/എഡി.എ.IV/എഡി.എVI/എഡി.സി I/II/III/എഫ്.സി.സി./എഡി.ബി.IX
8. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യൂ.എ.സി./CITAD
9. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #103 of File 3558/AD A1/ASO1/2018/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 22-Jun-2020 12:21 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം